പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5366

05-07-2012 - ൽ മറുപടിക്ക്

## വിവരസാങ്കേതികവിദ്യയിൽ കേരളത്തിന്റെ സാധ്യതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) | |
| (എ) | വിവരസാങ്കേതികവിദ്യയിൽ കേരളത്തിന്റെ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കേരളത്തിൽ പുതിയ ഐ.റ്റി. അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) | പുതിയ ഐ.റ്റി./ഐ.റ്റി.ഇ.എസ്. അധിഷ്ഠിത വ്യവസായങ്ങൾ, കൂടുതൽ ഐ.റ്റി/ഐ.റ്റി.ഇ.എസ്. വികസന സാധ്യതകൾ തുടങ്ങിയവ സംസ്ഥാനമൊട്ടാകെ പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയാണ് സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രമാക്കി HUB and spoke മാതൃകയിൽ IT പാർക്കുകൾ ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചത്. പ്രധാന നഗരങ്ങൾ HUB ആയും മറ്റ് പ്രദേശങ്ങൾ Connect ചെയ്ത spoke-കളായും പ്രവർത്തിക്കുന്നു.തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ പ്രധാന HUB കളായി കേന്ദ്രീകരിച്ച് ഈ രീതിയിൽ IT വ്യവസായം സംസ്ഥാനത്താകെ വ്യാപിപ്പിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. തിരുവനന്തപുരം (ടെക്നോപാർക്ക്) കൊച്ചി (ഇൻഫോപാർക്ക്) കോഴിക്കോട് (സൈബർ പാർക്ക്) എന്നീ നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള ഹബ്ബുകളും കുണ്ടറ, ചേർത്തല, അമ്പലപ്പുഴ, കൊരട്ടി, കാസർകോഡ്, കണ്ണൂർ, അരിക്കോട് (മലപ്പുറം), പാല എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള സ്പോക്കുകളും ഉൾപ്പെട്ട ഹബ്ബ് & സ്പോക്ക് മാതൃകയിലുള്ള ഐ.റ്റി. വികസനമാണ് കൈക്കൊണ്ടിട്ടുള്ളത്. കൂടാതെ എമർജിംഗ് കേരള 2012-ലൂടെ സംസ്ഥാനത്ത് കൂടുതൽ ഐ.റ്റി. അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ മികച്ച നിലവാരമുള്ള മാനവ വിഭവശേഷി, മികച്ച അടിസ്ഥാന സൗകര്യങ്ങൾ, വൈദ്യുതി ഇവയുടെ സുഗമമായ ലഭ്യത, നെറ്റുവർക്ക് കണക്റ്റിവിറ്റി തുടങ്ങിയവയെല്ലാം പ്രയോജനപ്പെടുത്തി ഐ.റ്റി/ഐ.റ്റി.ഇ.എസ്. അധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുവാനും തന്മൂലം സംസ്ഥാനത്തിന്റെ ഐ.ടി. വ്യവസായ വളർച്ച ത്വരിതപ്പെടുത്തുവാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ആഫീസർ